ഉത്തരം

(എ) സഹകരണ ഭവന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആസ്ഥാനമന്ദിര നിർമ്മാണത്തിന് 68.50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിനായി നടപ്പുസാമ്പത്തികവർഷം 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാരിൽനിന്നുള്ള ധനസഹായത്തുക കഴിച്ച് ബാക്കി വേണ്ടിവരുന്ന തുക സഹകരണ സ്ഥാപനങ്ങളിൽനിന്നും സംഭാവനയായി സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ നടപടി

96 (6547) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ സഹകരണ സംഘം നിയമം 89-ാം വകുപ്പുപ്രകാരം രൂപീകരിച്ച സംസ്ഥാന സഹകരണ യൂണിയൻ കേരളത്തിലെ സഹകരണ വിദ്യാഭ്യാസം, പ്രചരണം, പരിശീലനം തുടങ്ങിയവയുടെ ചുമതല വഹിക്കുന്നു. സഹകരണ മേഖലയ്ക്കുവേണ്ടി യൂണിയൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ് :

1. 12 മാസക്കാലയളവിലുള്ള ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സ് 12 സഹകരണ പരിശീലന കോളേജുകൾ മുഖേന നടത്തിവരുന്നു.

2. ജീവനക്കാർക്കായും ജനറൽ കാറ്റഗറിയിലുള്ളവർക്കുമായി ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സ് നടത്തുന്നതിന് 10 സഹകരണ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

3. നാല് സെമസ്റ്ററായി 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. കോഴ്സിനായി യൂണിയന്റെ നിയന്ത്രണത്തിൽ കിക്മ എന്ന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. സഹകരണ മേഖലയിലെ അനദ്യോഗിക അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും ദേശീയ സഹകരണ യൂണിയൻ അംഗീകരിച്ച പദ്ധതിപ്രകാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുമായി ഓരോ ജില്ലയിലും അംഗവിദ്യാഭ്യാസ യൂണിറ്റും ആയതിൽ ഓരോ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടറും പ്രവർത്തിക്കുന്നുണ്ട്.

5. സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾ/പ്രസിഡന്റുമാർ എന്നിവർക്കായി നേതൃത്വവികസന പരിപാടികളും മാനേജ്മെന്റ് ഡെവലപ്മെന്റ് പരിശീലന പരിപാടികളും നടത്തുന്നുണ്ട്.

6. സഹകരണ സംഘങ്ങളിലെ വിവിധ തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം, ഇൻക്രിമെന്റ് എന്നിവ കിട്ടുന്നതിനായുള്ള തുടർ വിദ്യാഭ്യാസ പരിപാടികളും യൂണിയൻ നടത്തുന്നുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന വരുമാനമാർഗ്ഗം സഹകരണ സംഘം നിയമപ്രകാരം സഹകരണ സംഘങ്ങളിൽനിന്നും ലഭിക്കുന്ന അഫിലിയേഷൻ/റിന്യൂവൽ ഫീസും വിദ്യാഭ്യാസ ഫണ്ടുമാണ്. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ എണ്ണം പ്രതിവർഷം കുറഞ്ഞുവരുന്നതുകൊണ്ട് ആയത് യൂണിയന്റെ വരുമാനത്തെയും സാമ്പത്തികസ്ഥിതിയെയും സാരമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഫണ്ട് വിനിയോഗം സംബന്ധിച്ച് സർക്കാർ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും വിദ്യാഭ്യാസ ഫണ്ട് അടയ്ക്കേണ്ടതുണ്ട്. പ്രസ്തുതഭേദഗതി അനുസരിച്ചുള്ള വിദ്യാഭ്യാസ ഫണ്ട് വിനിയോഗം കിട്ടിത്തുടങ്ങുമ്പോൾ യൂണിയന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിലൂടെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുന്നതാണ്.

(സി) സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി ചെലവ് ചുരുക്കൽ നടപടി യൂണിയൻ നടപ്പിലാക്കി വരുന്നു. മാത്രമല്ല സഹകരണ ചട്ടഭേദഗതി മുഖാന്തരം വിദ്യാഭ്യാസ ഫണ്ട് ഇനത്തിൽ കൂടുതൽ തുക ലഭ്യമാകുന്നതാണ്. അതോടൊപ്പംതന്നെ പരിശീലനപരിപാടികൾ സർക്കാരിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്നതുമൂലം പരിശീലനത്തിന് ചെലവാകുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

വായ്പകളുടെ തിരിച്ചടവ്

97 (6548) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകി വരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly